പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 33          04-02-2013 ൽ മറുപടിക്ക്

## അബ്ദുൽ നാസർ മ അദ്നിയുടെ ചികിൽസ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) അബ്ദുൾ നാസർ മഅദനിയുടെ ആരോഗ്യ സ്ഥിതിയെ സംബന്ധിച്ചും വിദഗ്ധ ചികിൽസ സംബന്ധിച്ചും കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് സംസ്ഥാനം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | അബ്ദുൾ നാസർ മഅദ്നിക്ക് വിദഗ്ധ ചികിൽസ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ കർണ്ണാടക സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. കർണ്ണാടക സർക്കാർ ലഭ്യമാക്കിയ വൈദ്യ പരിശോധനാ റിപ്പോർട്ടുകൾ, സംസ്ഥാന സർക്കാർ രൂപീകരിച്ച അഞ്ചംഗ മെഡിക്കൽ ബോർഡ് പരിശോധിച്ച് വിലയിരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ പരിശോധനകൾക്കായി ഏറ്റവും ഒടുവിലത്തെ മെഡിക്കൽ റിപ്പോർട്ടുകളും മറ്റു വിവരങ്ങളും ലഭ്യമാക്കാൻ കർണ്ണാടക സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| ബി) മ അദ്നിക്ക് യഥാസമയം ചികിൽസ നൽകുന്നതിൽ ജയിലധികൃതർ വീഴ്ച വരുത്തിയെന്ന റിപ്പോർട്ടുകളുടെ നിജസ്ഥിതി കർണ്ണാടകയിൽ നിന്നും ആരായുകയുണ്ടായോ; | ബി) | അബ്ദുൾ നാസർ മഅദ്നിക്ക് ലഭ്യമാക്കിയ ചികിൽസകളുടെ പൂർണ്ണ വിവരങ്ങളും പരിശോധനാ റിപ്പോർട്ടുകളും കർണ്ണാടക സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) സർക്കാർ ഇടപെടലിനെ തുടർന്ന് ഇദ്ദേഹത്തിന് ഇപ്പോൾ എന്തെല്ലാം ചികിൽസകളാണ് കർണ്ണാടക സർക്കാർ നൽകികൊണ്ടിരിക്കുന്നത് അറിയാമോ; എങ്കിൽ വ്യക്തമാക്കുമോ? | സി) | കർണ്ണാടക ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ബാംഗ്ലൂരിലുള്ള സൌഖ്യ ഇന്റർനാഷണൽ ഹോളിസ്റ്റിക് ഹെൽത്ത് സെന്ററിൽ ഡയബെറ്റിക് ന്യൂറോപ്പതി, സ്പോണ്ടിലോസിസ്, കഴുത്ത് വേദന എന്നിവയ്ക്കുള്ള ആയുർവേദ ചികിൽസയും പഞ്ചകർമ്മ ചികിൽസയും മഅദ്നിക്ക് നൽകി വരുന്നതായി കർണ്ണാടക സർക്കാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ